**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3550** **05-08-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട്ടിൽ വ്യവസായ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 2021 ജനുവരി 25 ന് ചേർന്ന യോഗത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ എഫ്. എ. സി. റ്റി. യോട് ചേർന്നുള്ള കിൻഫ്രയുടെ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലത്ത് സാനിട്ടറി ലാൻഡ്ഫിൽ തുടങ്ങുന്നതിന് വേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡും കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ചേർന്നുള്ള പ്രോജക്ട് ചർച്ച് ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. 20/1/21 ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പ്രസ്തുത പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടിന്റെ തുടർനടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | എഫ്.എ.സി.റ്റി യിൽ നിന്നും കിഫ്ബിയുടെ ധനസഹായ- ത്തോടെയാണ് കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ക്ലീൻ കേരള കമ്പനി കിൻഫ്രയ്ക്ക് ഭൂമിയുടെ വില നല്കേണ്ടതായിട്ടുണ്ട്. അതിനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ